**No. 23/2022**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
പരിശുദ്ധവും രക്ഷാകരവുമായ വലിയ നോമ്പ് സമാഗതമാവുകയാണ്. നോമ്പ് ഒരു തീർത്ഥയാത്രയാണ്. രക്ഷയുടെ തുറമുഖത്തേക്കാണ് നോമ്പിന്റെ യാത്ര ലക്ഷ്യമിടുന്നത്. നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ സന്തോഷത്തെ പുൽകുവാനുള്ള ആവേശവും ആഗ്രഹവും നോമ്പിൽ നമ്മെ ഭരിക്കണം. സ്വർഗ്ഗത്തെ നോക്കി യാത്ര ചെയ്യുന്ന തീർത്ഥാടകരാണ് വിശ്വാസസമൂഹം. തീർത്ഥാടനത്തിന് അനുപേക്ഷണീയമായ ഒന്നാണ് ശരിയായ തയ്യാറെടുപ്പ്. അച്ചടക്കവും ദൃഢനിശ്ചയവും കഷ്ടപ്പെടുവാനുള്ള മനസും യാത്രക്ക് അത്യന്താപേക്ഷിതമാണ്. കൃത്യമായ പദ്ധതി ആസൂത്രണം ചെയ്താകണം യാത്രക്ക് തുടക്കം കുറിക്കേണ്ടത്. മണവാളന്റെ ഉയിർത്തെഴുന്നേൽപ്പിനായി കാത്തിരിക്കുന്ന മണവാട്ടി എന്ന നിലയിൽ സഭയുടെ നോമ്പുകാലത്തെ തീവ്രതയും സ്നേഹവായ്പും, വേദപുസ്തക വായനയിലും പ്രാർത്ഥനയിലും ആരാധനയിലും ഉപവാസ അനുഷ്ഠാനങ്ങളിലും കൂടി പ്രകടമാകണം.

മഹാവ്യാധിയും അനുബന്ധമായ പ്രതിസന്ധികളും സൃഷ്ടിക്കുന്ന വെല്ലുവിളി നിറഞ്ഞ ജീവിതനാളുകളിലൂടെയാണ് ലോകം ഇന്നു കടന്നുപോകുന്നത്. സമാനതകളില്ലാത്ത ഈ സാഹചര്യങ്ങളിൽ മാനുഷികമായ നമ്മുടെ കഴിവുകളും ആശ്രയബോധങ്ങളുമെല്ലാം നിഷ്പ്രഭമായി പോകുന്നു. സമുദ്രത്തിന്റെ ആഴങ്ങളിൽ നിന്ന് യോനായും സിംഹക്കുഴിയിൽ ദാനിയേലും തീച്ചൂളയിൽ ബാലന്മാരും പ്രാർത്ഥിച്ചപ്പോൾ അവരുടെ നിലവിളി കേട്ട് ഉത്തരമരുളിയ ദൈവം പശ്ചാത്താപത്തോടുകൂടിയ നമ്മുടെ പ്രാർത്ഥനകളിലും നോമ്പിലും പ്രീതിപ്പെട്ട് പ്രതിസന്ധികളിൽ നമ്മെ ആശ്വസിപ്പിക്കുമെന്നും രക്ഷയുടെ തുറമുഖങ്ങളിലേക്ക് നമ്മെ നയിക്കുമെന്നും നാം ഉറച്ചു വിശ്വസിക്കണം.

നോമ്പാകുന്ന തോൽക്കാത്ത ആയുധവുമേന്തി ക്രിസ്തുവിന്റെ രക്ഷാകരമായ കുരിശിന്റെ വഴികളിലൂടെ ഒരു തീർത്ഥയാത്ര നടത്തുവാൻ ഈ നോമ്പ് കാലത്ത് നമുക്ക് പരിശ്രമിക്കാം. മനസു പുതുക്കി രൂപാന്തരപ്പെടുവാൻ (റോമർ 12:2) പരിശുദ്ധനായ പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുന്നത് യാഥാർത്ഥ്യമാക്കുവാനുള്ള ദൃഢനിശ്ചയം നമുക്ക് ഉണ്ടാകണം. കൽപനകളുടെ ബാഹ്യമായ അനുഷ്ഠാനങ്ങളല്ല; ആന്തരികമായ അനുസരണമാണ് ഈ ശുദ്ധീകരണത്തിലേക്ക് നമ്മെ നയിക്കുന്നത്. ദൈവവുമായുള്ള ബന്ധം പുനഃക്രമീകരിക്കുവാനും മനുഷ്യബന്ധങ്ങൾ കൂടുതൽ ഊഷ്മളമാക്കുവാനുമുള്ള കാലഘട്ടമായി ഇതിനെ നമുക്ക് രൂപാന്തരപ്പെടുത്താം. നിലങ്ങൾ കൃഷിക്കാരുടെ പുറകെ പോയിട്ടല്ല; കൃഷിക്കാർ നിലങ്ങളുടെ അടുത്തേക്ക് വിത്തുമായി ചെന്ന് വിതയ്ക്കുന്നതു പോലെ, ദരിദ്രർ നമ്മെ സമീപിച്ചിട്ടല്ല; ദരിദ്രരെ കണ്ടുപിടിച്ച് സഹായിക്കേണ്ട ഉത്തരവാദിത്വം ആണ് നമുക്കുള്ളത്. നോമ്പിന്റെ ഏറ്റവും വലിയ പ്രതിഫലനം അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതാണ്, അതാണ് ദൈവമുമ്പാകെയുള്ള ശുദ്ധവും നിർമ്മലവുമായ ഭക്തിയുടെ ലക്ഷണവും എന്ന് വിശുദ്ധ യാക്കോബ് ശ്ലീഹാ നമ്മെ ഉദ്ബോധിപ്പിക്കുന്നു (യാക്കോബ് 1:27). വിശക്കുന്നവന് അപ്പം നുറുക്കി കൊടുക്കുന്നതും, അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും, നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതുമാണ് യഥാർത്ഥ നോമ്പിന്റെ പ്രതിഫലനമെന്ന യെശയ്യാ പ്രവാചകന്റെ ദർശനങ്ങൾ യാഥാർത്ഥ്യമാക്കുവാൻ ഈ നോമ്പുകാലം നമുക്ക് വിനിയോഗിക്കാം (യെശയ്യാ 58:7).

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2022 ഫെബ്രുവരി മാസം 2-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ